# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 6 — 18.03.2013-ൽ മറുപടിയ്ക്ക്

## സംസ്ഥാന ഭരണത്തിന്റെ മികവിന് ലഭിച്ച അംഗീകാരങ്ങൾ

| | ചോദ്യം<br>ശ്രീ. അൻവർ സാദത്ത്<br>" പി. സി. വിഷ്ണു നാഥ്<br>" എ. പി. അബ്ദുള്ളക്കുട്ടി<br>" ആർ. സെൽവരാജ് | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ഭരണത്തിന്റെ മികവിന് സംസ്ഥാനത്തിന് ദേശീയ തലത്തിലും അന്തർദ്ദേശീയ തലത്തിലും അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) & (ബി) | സംസ്ഥാന ഭരണത്തിന്റെ മികവിന് യു.എൻ.ഡി.പിയുടെ പ്രശംസ ലഭിച്ചിട്ടുണ്ട്. ഇ-ഗവേണൻസിലൂടെയും വെബ് ടെലികാസ്റ്റിങ്ങിലൂടെയും, 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്ററിലൂടെയും, സുതാര്യമായ പ്രവർത്തനം കാഴ്ച വയ്ക്കുന്ന സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ജനങ്ങളുമായി നേരിട്ട് ബന്ധപ്പെട്ട് നടത്തിയ ജനസമ്പർക്ക പരിപാടിയെക്കുറിച്ചും യു.എൻ.ഡി.പിയുടെ ഡെമോക്രാറ്റിക് ഗവേണൻസ് ഗ്രൂപ്പിന്റെ ഡയറക്ടർ മതിപ്പു രേഖപ്പെടുത്തുകയും ഈ നൂതന രീതി ആഫ്രിക്കയിലേയും ഏഷ്യയിലേയും ലാറ്റിൻ അമേരിക്കയിലേയും മറ്റ് രാജ്യങ്ങൾ പഠിക്കേണ്ടതുണ്ടെന്നും അഭിപ്രായപ്പെട്ടു. |
| (ബി) | ഏതെല്ലാം രംഗങ്ങളിലാണ് ശ്രദ്ധേയമായ നേട്ടങ്ങളും അംഗീകാരവും ലഭിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാമാണ് ; | | |
| (സി) | ഏതെല്ലാം മേഖലകളിലാണ് കഴിഞ്ഞ വർഷങ്ങളെക്കാൾ കൂടുതൽ മികവ് കൈവരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ; | (സി) & (ഡി) | സംസ്ഥാന ഭരണത്തിന്റെ എല്ലാ മേഖലകളിലും മുൻ വർഷങ്ങളിലേക്കാൾ സമഗ്രമായ മികവ് വരും വർഷങ്ങളിലും |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത മികവ് മറ്റ് രംഗങ്ങളിലും നേടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | | നേടിയെടുക്കുന്നതിനുള്ള ഊർജ്ജിതമായ ശ്രമങ്ങളാണ് സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നും നടന്നു വരുന്നത്. വിഷൻ 2030, എമർജിംഗ് കേരളയിലൂടെ നിക്ഷേപ സൗഹൃദ സംസ്ഥാനം, സേവനാവകാശ നിയമം തുടങ്ങിയ വിവിധ പദ്ധതികളിലൂടെയും നിയമ നിർമ്മാണത്തിലൂടെയും സംസ്ഥാന ഭരണത്തിൽ സമഗ്രമായ മികവ് നേടിയെടുക്കുന്നതിന് ശ്രമിച്ചു വരുന്നു. അതുപോലെ പൊതുജനങ്ങൾക്ക് സേവനങ്ങൾ തടസ്സം കൂടാതെ ലഭിക്കുന്നതിന് വിവര സാങ്കേതിക വിദ്യയുടെ സാദ്ധ്യത പ്രയോജനപ്പെടുത്തി ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവ വിവിധ വകുപ്പുകളിൽ വ്യാപകമായി നടത്തി വരുന്നു. എല്ലാ ജില്ലകളെയും ഇ-ഡിസ്ട്രിക്ട് ആക്കുന്നതിനും നടപടി തുടങ്ങിക്കഴിഞ്ഞു. കേരളത്തെ സമ്പൂർണ്ണ digital state ആക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ